# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കക്കോടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/1330/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 13/10/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കക്കോടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/1330/2021 തീയ്യതി: 13/10/2021

## കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 15-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 16-09-2021 | 30-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-09-2021 | 30-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. രാമദാസ്. എം, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. അബ്ദുൾ നസീർ ടി. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഇന്ദുകല. സി. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജിഷ. പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.കെ ചോയിക്കുട്ടി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ബാബുപ്രസാദ്. ബി | സെക്രട്ടറി | 01-04-2019 | 31-12-2019 |
| ശ്രീമതി. നിർമ്മല അഗസ്റ്റിൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-01-2020 | 27-01-2020 |
| ശ്രീമതി. ഭുവനേശ്വരി. എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-01-2020 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഭുവനേശ്വരി. എൻ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി. ജീന. കെ | അസി. എഞ്ചിനീയർ | 01-04-2019 | 29-07-2019 |
| ശ്രീ. കൃഷ്ണൻകുട്ടി. പി.എം | അസി. എഞ്ചിനീയർ | 29-07-2019 | 31-03-2020 |
| ഡോ. ചിത്ര മുകുന്ദൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. ജയാന. എ.എം | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. നസീമ. കെ. ടി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിന്ദു. ആർ | കൃഷി ഓഫീസർ | 01-04-2019 | 01-01-2020 |
| ശ്രീ. ദിലീപ് കുമാർ. ടി | കൃഷി ഓഫീസർ | 01-01-2020 | 15-01-2020 |
| ശ്രീമതി. ദിവ്യാ ശശിധരൻ | കൃഷി ഓഫീസർ | 15-01-2020 | 31-03-2020 |
| ശ്രീ. സാദിഖ്. ഒ.കെ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-05-2019 |
| ശ്രീ. സുനിൽ കുമാർ. ഇ | ഹെഡ്മാസ്റ്റർ | 31-05-2019 | 31-03-2020 |
| ശ്രീമതി. ബിന്ദു. എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ജെൻഷി. പി. ബി | വി.ഇ.ഒ പടിഞ്ഞാറ്റുമുറി | 01-04-2019 | 31-03-2020 |
| ശ്രീമതി. വിനീഷ. എൻ | വി.ഇ.ഒ മക്കട | 01-04-2019 | 14-10-2019 |
| ശ്രീമതി. ജെൻഷി. പി. ബി | വി.ഇ.ഒ മക്കട(അഡീഷണൽ ചാർജ്ജ്) | 14-10-2019 | 25-10-2019 |

| | | | |
|---|---|---|---|
| ശ്രീമതി. അനു. പി | വി.ഇ.ഒ മക്കട | 26-10-2019 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കലും നടപടിക്രമങ്ങളും ഘടകസ്ഥാപനങ്ങളിൽനിന്നും ബജറ്റ് പ്രൊപ്പോസൽ സ്വീകരിക്കാതെ ചെലവു ചെയ്തു.<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-1 |
| 2 | തനത് വരുമാനം ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-1-2 |
| 3 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-1-3 |
| 4 | അധികവിഭവസമാഹരണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-1-4 |
| 5 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-1-5 |
| 6 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-2 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-4 |
| 9 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-4-1 |
| 10 | പദ്ധതി ആസൂത്രണം<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-5 |
| 11 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-6 |
| 12 | തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-7 |
| 13 | വസ്തുനികുതി ഇളവ് അനുവദിക്കൽ-ചട്ടങ്ങൾ പാലിക്കുന്നില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-8 |
| 14 | വസ്തു നികുതി നിർണ്ണയം-മേഖല നിശ്ചയിക്കുന്നതിലെ പിഴവ്-നികുതി നഷ്ടത്തിന് ഇടയാക്കുന്നു<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-9 |
| 15 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 11-10-2021) | 1-10 |

| | | |
|---|---|---|
| 16 | പഞ്ചായത്ത് മെമ്പർമാർക്ക് അനർഹമായി ടി.എ). അനുവദിച്ചു<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 1-11 |
| 17 | ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും പാളിച്ചകൾ-ഒറ്റപ്പിലാക്കിൽ കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 1-12 |
| 18 | പറമ്പത്ത് താഴം വളപ്പിൽതാഴം ഫുട്പാത്ത് നിർമ്മാണം-അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 1-13 |
| 19 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തി -നിർവ്വഹണത്തിലെ അപാകത<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 1-14 |
| 20 | അസറ്റ് മാനേജ്മെന്റ് മാന്വൽ -നിർദ്ദേശങ്ങൾ നടപ്പിലായില്ല<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 1-15 |
| 21 | പകൽവീട് സൗകര്യമൊരുക്കൽ -ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 1-16 |
| 22 | ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ-ചെലവിന്റെ കൃത്യത ഉറപ്പുവരുത്തിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 1-17 |
| 23 | പെർമിറ്റും വാലേഷനുമില്ലാതെ പഠനമുറിക്ക് ധനസഹായം നൽകി.<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 1-18 |
| 24 | ഗുണഭോക്താക്കളിൽ നിന്ന് കാർഷിക കർമ്മസേന നേരിട്ട് പണം പിരിച്ചെടുത്തു<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 1-19 |
| 25 | വാളറാട് കുടിവെള്ള പദ്ധതി- തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി പ്രവൃത്തി നടത്തി-കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പഞ്ചായത്ത് മെമ്പർമാർക്ക് അനർഹമായി ടി.എ). അനുവദിച്ചു.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 03-10-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 3-1 |
| 2 | വാളറാട് കുടിവെള്ള പദ്ധതി - തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി പ്രവൃത്തി നടത്തി - കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല.<br>Written By: Sreeja Thekkan (Audit Officer, On 07-10-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.V.Indukala (Senior Grade Auditor, On 22-09-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.V.Indukala (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: C.V.Indukala (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.V.Indukala (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: C.V.Indukala (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.V.Indukala (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: C.V.Indukala (Senior Grade Auditor, On 22-09-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: C.V.Indukala (Senior Grade Auditor, On 22-09-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.V.Indukala (Senior Grade Auditor, On 02-10-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: C.V.Indukala (Senior Grade Auditor, On 22-09-2021)<br>Last Updated By: Vasudevan M (Deputy Director, On 12-10-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ് തയ്യാറാക്കലും നടപടിക്രമങ്ങളും ഘടകസ്ഥാപനങ്ങളിൽനിന്നും ബജറ്റ് പ്രൊപ്പോസൽ സ്വീകരിക്കാതെ ചെലവു ചെയ്തു.

2019-20 ൽ ഘടകസ്ഥാപനങ്ങളിൽനിന്നും ബജറ്റ് പ്രൊപ്പോസൽ സ്വീകരിക്കുന്നതിനായി കത്ത് നൽകിയിട്ടില്ല.ഘടക സ്ഥാപനങ്ങൾ സ്വമേധയാ തങ്ങൾക്കാവശ്യമായ തുകയുടെ പ്രൊപ്പോസലുകൾ നൽകിയിട്ടുമില്ല.എന്നാൽ വെറ്ററിനറി ഹോസ്പിറ്റൽ-16167, യു.പി.സ്കൂൾ-4996, കൃഷി ഓഫീസ്-47415, പി.എച്ച്.സി - 95446, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി- 24958, ആയുർവേദ ഹോസ്പിറ്റൽ - 18230, ഹോമിയോ ഹോസ്പിറ്റൽ - 17380 എന്നിങ്ങനെ ഘടക സ്ഥാപനങ്ങൾക്ക് അവരിൽ നിന്നും പ്രൊപ്പോസൽ സ്വീകരിക്കാതെ തന്നെ 19-20 ൽ തുക വകയിരുത്തി ചെലവഴിച്ചതായി കാണുന്നു.

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 07.02.2019തീയതിയിലെ യോഗത്തിൽ അവതരിപ്പിച്ച 2019-20 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് നിർദ്ദേശങ്ങൾ 22-2-2019 ലെ 34/19 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | 6043881 |
| വരവ് | 203580594 |
| ആകെ | 209624475 |
| ചെലവ് | 205950449 |
| നീക്കിയിരിപ്പ് | 3674026 |

ഭരണസമിതിയുടെ 11-3-20ലെ 48/20(1) തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

### 1-1-2 തനത് വരുമാനം ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല.

| ബജറ്റ് ഹെഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷിക കണക്കുപ്രകാരം വരവ് |
|---|---:|---:|
| 110 നികുതി വരുമാനം | 6500000 | 5873225 |
| 130നികുതിയിതര വരുമാനം | 281976 | 365106 |
| 171 പലിശവരവ് | 200000 | 329503 |
| 180 മറ്റു വരവുകൾ | 4000 | 113617 |

ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.

### 1-1-3 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 19-20വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

1-1-4 അധികവിഭവസമാഹരണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതരവർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല.തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ തനത് വരുമാനവർദ്ധനവിനുള്ള ഇത്തരം ഉത്തരവുകൾ നടപ്പിലാക്കി വരുമാനവർദ്ധനവിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.ഓരോ സാമ്പത്തികവർഷത്തിലും തനത് വരുമാനവർദ്ധനവിന് സർക്കാർ അനുമതി നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ അതാത് പ്രാദേശിക സർക്കാരുകളും ഇത്തരം നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-1-5 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.
2. ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.
3. എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.
4. തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്
5. കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-2 വാർഷിക കണക്കിലെ അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ,സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല (ഉദാ-Contractors EMD,Suppliers EMD, Bidders EMD മുതലായവ ).

3. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് ,ജില്ല പഞ്ചായത്ത് വിഹിതം എന്നിവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.

4. വാർഷിക കണക്കുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ലേല രജിസ്റ്ററിൽ എല്ലാ ലേല വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

5. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

വാർഷിക കണക്കിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ക്രമ നമ്പർ 3 ൽ പരാമർശിച്ച ബാലൻസ് തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13236445.57 |
| വരവ് | 74299465 |
| ആകെ | 87535910.57 |
| ചെലവ് | 74442684 |
| നീക്കിയിരിപ്പ് | 13093226.57 |

## 1-4 ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21770554 | 21770554 | 15948731 | 5821823 |
| വികസന ഫണ്ട് (SCP) | 0 | 11426294 | 11426294 | 7496870 | 3929424 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13310281 | 13310281 | 7292257 | 6018024 |
| മെയിന്റനൻസ്(നോൺ റോഡ്) | 0 | 5665000 | 5665000 | 2689256 | 2975744 |
| മെയിന്റനൻസ്(റോഡ്) | 0 | 11746000 | 11746000 | 7162583 | 4583417 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(TSC) | 1639355 | 0 | 1639355 | 146625 | 1492730 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(ICDS) | 550088 | 349006 | 899094 | 898711 | 383 |

## 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവു പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | ഉല്പാദനം | 4775500 | 9272500 |
| | സേവനം | 16690319 | 58390310 |
| വികസനഫണ്ട് എസ്.സി.പി. | ഉല്പാദനം | 686500 | 1596500 |
| | സേവനം | 8726885 | 39841885 |
| | പശ്ചാത്തലം | 3601000 | 3969500 |

| | | | |
|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡിതരം | സേവനം | 6303719 | 6353719 |
| സംരക്ഷണഗ്രാന്റ് റോഡ് | പശ്ചാത്തലം | 13527000 | 14727000 |

മേൽ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

1-5 പദ്ധതി ആസൂത്രണം

കോഴിക്കോട് താലൂക്കിൽ കോഴിക്കോട് കോർപ്പറേഷന് തൊട്ട് വടക്ക് സ്ഥിതി ചെയ്യുന്ന ഗ്രാമ പഞ്ചായത്താണ് കക്കോടി. കോഴിക്കോട് കോർപ്പറേഷനോടടുത്തു കിടക്കുന്ന പഞ്ചായത്തായതിനാൽ തന്നെ ജനസാന്ദ്രത കൂടിയതും നാഗരികതയുടെ എല്ലാ പ്രശ്നങ്ങളും അനുഭവിക്കുന്ന ഒരു പഞ്ചായത്താണിത്. 31-12-18ന് അംഗീകാരം ലഭിച്ച 276 പ്രൊജക്ടുകളടങ്ങിയ സുലേഖയിലെ ചെലവു സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20ലെ മൊത്തം പദ്ധതി അടങ്കൽ 124241082 രൂപയാണ്. 2019-20 ലെ ആകെ ചെലവ് 51469332 രൂപയും ചെലവ് 41.42% വും ആണ്. സാംഖ്യ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, സി.എഫ്.സി എന്നീ ഇനങ്ങളിൽ 23328432 രൂപ വിനിയോഗിക്കാതെ ലാപ്സായിട്ടുണ്ട്. ഇതിൽ വിശദവിവരങ്ങൾക്ക് ഖണ്ഡിക 1- കാണുക.

പ്രകൃതിദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രൊജക്ടുകൾക്ക് തൻവർഷം മുൻഗണന നൽകേണ്ടതായിരുന്നെങ്കിലും അത്തരം പ്രൊജക്ടുകൾ ആസൂത്രണം ചെയ്തതായി കാണുന്നില്ല.

ദുരന്തമാനേജ്മെന്റ് പ്ളാനിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിക്കേണ്ടതാണെങ്കിലും ആയത് ചെയ്തിട്ടില്ല. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകൾ ഉത്തരവാദിത്തം നിറവേറ്റിയതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ മൂന്ന് യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും വിശദമായ ചർച്ചകൾ നടന്നതായി കാണുന്നില്ല. അന്തിമമായി അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിവ | നടപ്പാക്കാതവ | ഭാഗികമായി നടപ്പാക്കിയവ | വകയിരുത്തിയ തുക | ചെലവ് | ചെലവ് % |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 1 | 3 | 3992665 | 2660708 | 66.63 |
| വെറ്ററിനറി സർജൻ | 11 | 8 | 3 | 4 | 3059500 | 1536989 | 50.23 |
| മെഡിക്കൽ ഓഫീസർ (PHC) | 4 | 4 | - | - | 800000 | 781800 | 97.72 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | - | - | 800000 | 799991 | 99.9 |
| വി ഇ ഒ | 23 | 13 | 10 | 9 | 33887594 | 10279077 | 30.33 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 10 | 6 | 4 | 3 | 7676020 | 6306333 | 82.15 |
| സെക്രട്ടറി | 28 | 21 | 7 | 5 | 15507845 | 4284887 | 27.63 |
| അസ്സിസ്റ്റന്റ് എൻജിനിയർ | 173 | 71 | 102 | 7 | 51947784 | 19491820 | 37.52 |
| ഹെഡ് മാസ്റ്റർ | 5 | 5 | - | - | 1355000 | 1171720 | 86.47 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | - | - | 1150000 | 1150000 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| അസ്സിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 1 | 3 | 4064679 | 3006007 | 73.95 |

വാർഷിക പദ്ധതിക്ക് വർഷാരംഭത്തിൽ തന്നെ അംഗീകാരം ലഭിച്ചെങ്കിലും ഭൂരിഭാഗം ചെലവുകളും അവസാനപാദത്തിലാണ് നടത്തിയിട്ടുള്ളത്. തനത്ഫണ്ട്,സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുകകൾ എന്നിവ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.9.21 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4250/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-7 തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2977800 | 516 |
| വിധവാപെൻഷൻ | 7979400 | 443 |
| വാർദ്ധക്യകാലപെൻഷൻ | 16160100 | 1566 |
| വികലാംഗപെൻഷൻ | 2520700 | 443 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1703400 | 329 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 480000 | 16 |
| തൊഴിൽ രഹിത വേതനം | 69240 | 33 |

## 1-8 വസ്തുനികുതി ഇളവ് അനുവദിക്കൽ-ചട്ടങ്ങൾ പാലിക്കുന്നില്ല.


2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 21(ബി)1-ാം ഉപചട്ടപ്രകാരം നികുതിഇളവ് ചെയ്തുകിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത് ,ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞു കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതൽ ആണ്. 2019-20 ലെ വേക്കൻസി റെമിഷൻ അപേക്ഷകൾ പരിശോധിച്ചതിൽ നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷ ലഭിച്ച തിയതിക്കുമുമ്പെ നികുതി ഇളവ് ചെയ്തു കൊടുത്തതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | അപേക്ഷ തിയ്യതി | ഇളവ് അനുവദിച്ച തിയ്യതി |
|---|---|---|---|---|
| 1 | രമേശൻ മേലേടത്ത് | 5/533 | 21.10.19 | 01.04.19 |
| 2 | രമേശൻ മേലേടത്ത് | 5/534 | 21.10.19 | 01.04.19 |
| 3 | രമേശൻ മേലേടത്ത് | 5/535 | 21.10.19 | 01.04.19 |
| 4 | രമേശൻ മേലേടത്ത് | 5/535A | 21.10.19 | 01.04.19 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (3/2019-20തിയ്യതി 24.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല.എല്ലാ അപേക്ഷകളും പുനപരിശോധിച്ച് നികുതി ഇനത്തിലുള്ള ചോർച്ച തടയേണ്ടതും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-9 വസ്തു നികുതി നിർണ്ണയം-മേഖല നിശ്ചയിക്കുന്നതിലെ പിഴവ്-നികുതി നഷ്ടത്തിന് ഇടയാക്കുന്നു

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം മേഖല വിഭജനം നടത്തിയും റോഡുകൾ തരം തിരിച്ചുംഅടിസ്ഥാനനികുതി നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.മേഖല നിശ്ചയിച്ചതു സംബന്ധിച്ച വിശദാംശം താഴെ കൊടുക്കുന്നു.


കക്കോടി ഗ്രാമപഞ്ചായത്ത് വസ്തു നികുതി പരിഷ്കരണം

സർക്കാറിന്റെ 14/01/2011ലെ സ.ഉ. (അ) നമ്പർ 19/2011/തസ്വഭവ, സ.ഉ. (അ) നമ്പർ 20/2011/തസ്വഭവ എന്നീ നമ്പറുകളുള്ള വിജ്ഞാപനങ്ങളുടെ വെളിച്ചത്തിൽ കക്കോടി ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി 01/04/2011 മുതൽ പരിഷ്കരിക്കുന്നതിന് വേണ്ടി മേഖല വിഭജനം നടത്തിയും, റോഡുകൾ തരംതിരിച്ചും, അടിസ്ഥാന വസ്തുനികുതി നിശ്ചയിച്ചും പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ ...

മേഖല വിഭജനം

1. പ്രഥമ മേഖല:-
കോഴിക്കോട് - ബാലുശ്ശേരി റോഡ് കക്കോടി പാലം മുതൽ കക്കോടി മുക്കിൽ പഞ്ചായത്ത് അതിർത്തി വരെ റോഡിന്റെ ഇരുവശങ്ങളിലും 300 മീറ്റർ പരിധിക്കുള്ളിൽ അംഗീകൃത കോളനികൾ ഒഴികെയുള്ള പ്രദേശവും, മൂട്ടോളി - പയമ്പ്ര റോഡിൽ പഞ്ചായത്ത് അതിർത്തി വരെയും, കക്കോടി - ചെലപ്രം റോഡിൽ ചെലപ്രം വരെയും, ചെറുകുളം - അംശകച്ചേരി റോഡിൽ പഞ്ചായത്ത് അതിർത്തി വരെയും റോഡുകളുടെ ഇരുവശങ്ങളിലും 100 മീറ്റർ പരിധിക്കുള്ളിൽ വരുന്ന പ്രദേശവും ഉൾപ്പെടുന്ന സ്ഥലങ്ങൾ

2. ദ്വിതീയ മേഖല:-
പ്രഥമ മേഖലയിൽ ഉൾപ്പെടാത്തതും പ്രഥമ മേഖലയോട് ചേർന്നുകിടക്കുന്ന 200 മീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളും. മദ്രസ്സ - മാളിക്കടവ് റോഡ്, മാളിക്കടവ് - പാർത്ഥസാരഥി റോഡ്, കക്കോടി - എൻ.വി. റോഡ് ചിറ്റടികടവ് വരെയും, ചെറുകുളം - ചെലപ്രം റോഡ്, ചെലപ്രം ബദിരൂർ റോഡ് കണ്ടിയിൽ പീടിക വരെയും, കക്കോടി - പറമ്പിൽ കടവ് റോഡ് പഞ്ചായത്ത് അതിർത്തി വരെയും, നങ്ങണ്ടൂർ - കാരാട്ട് താഴം റോഡ്, കക്കോടിമുക്ക് - ഊട്ടുകുളം റോഡ് പഞ്ചായത്ത് അതിർത്തി വരെയും, ചാലിൽ താഴം - ഊട്ടുകുളം റോഡ് പഞ്ചായത്ത് അതിർത്തി വരെയും, എരക്കുളം പിലാക്കാട്ട് റോഡ്, ചാലിൽതാഴം - ന്യൂ ബസ്സാർ റോഡ്, തെരുവത്ത് താഴം, പൊട്ടംമുറി റോഡ് പൊട്ടംമുറി വരെയും, നരിക്കോട്ട് താഴം റോഡ് കൈതമോളി താഴം വരെയും, ചെറുകുളം - ജയശ്രീ റോഡ് അകലാപുഴ വരേയും, ചെറുകുളം കാട്ടിൽപീടിക റോഡ് ജയശ്രീ റോഡിൽ ചെരുന്ന ഭാഗം വരെയും, ഞാവറാട്ടിൽ താഴം റോഡ് ബദിരൂർ വരെയും, മുക്കം കടവ് റോഡ് മുക്കം കടവ് വരെയും, ശശീന്ദ്ര ബാങ്ക്- ഹൈസ്കൂൾ റോഡ്, കുറുങ്ങാട്ടിൽ - ഹൈസ്കൂൾ റോഡ്, കീഴട്ടംവള്ളിത്താഴം - പറപ്പള്ളിത്താഴം റോഡ്, പീച്ചങ്ങാളിത്താഴം റോഡ്, ചിരട്ടാട്ട് താഴം റോഡ്, കോട്ടക്കൽ താഴം റോഡ്, കിഴക്കുംമുറി - മല്ലിശ്ശേരി താഴം റോഡ്, ഒറ്റത്തെങ്ങ്- കരിപ്പാക്കടവ് റോഡ് കരിപ്പാക്കടവ് വരെയുള്ള റോഡുകളുടെ ഇരുവശങ്ങളിലും 100 മീറ്റർ പരിധിക്കുള്ളിൽ വരുന്ന പ്രദേശങ്ങളും, മേൽ പറഞ്ഞ റോഡുകളിൽ ഉൾപ്പെടാത്തതും ഗ്രാമ പഞ്ചായത്തതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്നതുമായ മറ്റെല്ലാ ടാർ ചെയ്ത റോഡുകളുടെയും ഇരുവശങ്ങളിലും 50 മീറ്റർ പരിധിക്കുള്ളിൽ വരുന്ന പ്രദേശങ്ങളും ഉൾപ്പെടുന്ന സ്ഥലങ്ങൾ

3. തൃതീയ മേഖല:-
പ്രഥമ മേഖലയിലും ദ്വിതീയ മേഖലയിലും ഉൾപ്പെടാത്ത കക്കോടി പഞ്ചായത്തിലെ മറ്റെല്ലാ പ്രദേശങ്ങളും

റോഡുകളുടെ തരംതിരിവ്

വസ്തുനികുതി നിർണ്ണയഫയൽ പരിശോധിച്ചതിൽ മേൽ വിജ്ഞാപനം ഗൌരവത്തിലെടുക്കാതെ പ്രവർത്തിക്കുന്നതായും ഓരോ കെട്ടിടങ്ങളുടെയും മേഖല നിശ്ചയിക്കുന്നതിലും നിരക്ക് നിർണ്ണയിക്കുന്നതിലും കൃത്യതയില്ലായ്മയും തീരുമാനമെടുക്കുന്നതിനാവശ്യമായ രേഖകളുടെ അഭാവവും ശ്രദ്ധയിൽപ്പെടുകയുണ്ടായി.

ഒക്യുപ്പെൻസി നൽകുന്നതിനായി സമർപ്പിക്കുന്ന ഫയലിനോടൊപ്പമുള്ള സൈറ്റ് പ്ളാനിലോ നേരിട്ട് സൈറ്റിൽപോയി പരിശോധന നടത്തുന്ന എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിലോ കെട്ടിടം നിൽക്കുന്ന പ്രദേശം ഏത് മേഖലയിലാണെന്നോ പ്രഥമ,ദ്വിതീയ മേഖലയോടൊപ്പം നോട്ടിഫൈ ചെയ്ത പ്രധാനറോഡിൽനിന്നും ഏറ്റവുമടുത്ത മറ്റ് ടാർ റോഡിൽ നിന്നുമുള്ള ദൂരമോ വ്യക്തമാക്കുന്നില്ല.ഇത്തരം കേസുകളിൽ നികുതിനിർണ്ണയം നടത്തുന്ന സെക്ഷൻ ക്ളർക്കുമാരും അപ്രൂവ് ചെയ്യുന്ന മേലുദ്യോഗസ്ഥരും തങ്ങളുടെ മനോഗതത്തിനനുസരിച്ച് മേഖല നിശ്ചയിക്കുന്നതായി കാണുന്നു.ഇത്തരം നികുതി നിർണ്ണയങ്ങൾ തുടർച്ചയായ നികുതി നഷ്ടത്തിന് കാരണമാകുകയും പഞ്ചായത്തിന്റെ നികുതിനഷ്ടസാധ്യത വർദ്ധിക്കുകയും ചെയ്യുന്നു.

നികുതി നിർണ്ണയ ഫയലിനോടൊപ്പമുള്ള സൈറ്റ് പ്ലാനിൽ റോഡിൽനിന്നുള്ള ദൂരം വ്യക്തമാക്കിയ കേസുകളിലും തെറ്റായ രീതിയിൽ മേഖല നിശ്ചയിച്ച് നികുതി നിർണ്ണയം നടത്തുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

എ)ഫയൽ നം.A4/5480

ശ്രീ സുന്ദരൻ കയ്യുട്ടയിൽ (കെട്ടിട നമ്പർ-5/16)

സൈറ്റ് പ്ലാൻ പ്രകാരം കക്കോടി ചെലപ്രം റോഡിൽ നിന്നും അമ്പതു മീറ്റർ ദൂരത്തിലാണ് പ്ളോട്ട് സ്ഥിതിചെയ്യുന്നത്. പ്രസ്തുത റോഡിന്റെ ഇരുവശങ്ങളിലുംപെട്ട നൂറ് മീറ്റർ പരിധിക്കകത്തുള്ള പ്രദേശങ്ങൾ പ്രഥമമേഖലയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ പ്രസ്തുത കെട്ടിടം ദ്വിതീയമേഖലയിലേണെന്ന് കാണിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവ് അനുവദിച്ചു.

ബി)ഫയൽ നം.A4/417 /20

ശ്രീ അനിൽകുമാർ പിലാക്കാട്ടുകണ്ടി (കെട്ടിട നമ്പർ-10/222)

സൈറ്റ് പ്ലാൻ പ്രകാരം കക്കോടി പയിമ്പ്ര റോഡിൽ നിന്നും നൂറ്റിഅമ്പതു മീറ്റർ ദൂരത്തിലും പടിഞ്ഞാറ്റുംമുറി-കരിയാത്തൻകാവ് റോഡിൽ നിന്നും പ്രവേശനമാർഗ്ഗവുമുള്ളതാണ് പ്ളോട്ട്. പ്രസ്തുത റോഡിന്റെ ഇരുവശങ്ങളിലുംപെട്ട നൂറ് മീറ്റർ പരിധിക്കകത്തുള്ള പ്രദേശങ്ങൾ പ്രഥമമേഖലയിലും അതിനപുറത്തുള്ള ഇരുനൂറ് മീറ്റർ പരിധിയിലുള്ള പ്രദേശങ്ങൾ ദ്വിതീയമേഖലയിലും ഉൾപ്പെടുന്നതാണ്. കൂടാതെ എല്ലാ ടാർറോഡുകളുടെയും ഇരുവശങ്ങളിലുമുള്ള അമ്പതുമീറ്റർ പരിധിയിലുള്ള പ്രദേശങ്ങളുംദ്വിതീയമേഖലയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ പ്രസ്തുത കെട്ടിടം തൃതീയമേഖലയിലാണെന്ന് കാണിച്ച് അടിസ്ഥാന വസ്തുനികുതിയിൽ 20% ഇളവ് അനുവദിച്ചു.

അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/2019-20 തിയ്യതി 24.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി നിർണ്ണയിക്കുന്നതിനു മുന്നോടിയായി കെട്ടിടം സ്ഥിതിചെയ്യുന്ന മേഖല ഏതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സൈറ്റ് പരിശോധിക്കുന്ന ഉദ്യോഗസ്ഥന് വിശദമായ ചെക്ക് ലിസ്റ്റ് തയ്യാറാക്കി നൽകി ആയതിലെ വിവരങ്ങൾ അടിസ്ഥാനമാക്കാവുന്നതും പ്രധാന റോഡിൽ നിന്നും ഏറ്റവും അടുത്ത ടാർറോഡിൽ നിന്നും സൈറ്റിലേക്കുള്ള ദൂരം വ്യക്തമാക്കിയ സൈറ്റ് പ്ളാൻ ലഭ്യമാക്കാൻ ലൈസൻസ്ഡ് ബിൽഡിംഗ് കോൺട്രാക്ടർമാർക്ക് നിർദ്ദേശം നൽകാവുന്നതാണ്. ഓഡിറ്റ് കാലയളവിൽ നികുതി നിർണ്ണയം നടത്തിയ ഫയലുകൾ പുനപരിശോധനക്ക് വിധേയമാക്കി മേഖലനിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-10 തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ ,വ്യപാരം ,വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു.

1. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 205.ബി .പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ ഹോട്ടൽ ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിന്റെ താമസക്കാരെകുറിച്ചും അവരുടെ തൊഴിലിനെയോ ഉദ്യോഗത്തെയോ വാടകയെ സംബന്ധിച്ചും രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.(ചട്ടം 13) ഇത്തരത്തിൽ നോട്ടീസ് നൽകിയതായി കാണുന്നില്ല.

2. മേൽ നിയമം 205.ഐ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഓരോ വാർഡിലെയും ചുമതലപ്പെട്ട ക്ളർക്കുമാർ ഇൻസ്റ്റിറ്റ്യൂഷൻ/നികുതി ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ വാർഡ് തല ഇൻസ്റ്റിറ്റ്യൂഷൻ/നികുതി ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല.

3.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ്, റേഷൻഷോപ്പ് ഉടമകൾ ,ആധാരം എഴുത്തുകാർ തുടങ്ങിയവരെ നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല.

4.അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2019-20 ൽ കരാർ വെച്ച ,താഴെ കൊടുത്ത കരാറുകാരിൽ നിന്നും നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | അജിത്ത്.കെ.പി,കൊളപറമ്പത്ത് |
| 2 | വിനോദ്.എം,മടത്തനാട്ടുപൊയിൽ |
| 3 | സുനി.എം,മടത്തനാട്ടുപൊയിൽ |
| 4 | പ്രേമചന്ദ്രൻ.പി.കരുണ |
| 5 | ശശീന്ദ്രൻ.ടി,തിരുവോത്ത് |
| 6 | ഭരതൻ.കെ,കൊല്ലേരി |
| 7 | രാമചന്ദ്രൻ.എം, |
| 8 | ശശിധരൻ.എം,പ്രണവം |
| 9 | സുരേഷ് കുമാർ.ടി.വി,സുരേഷ് ഭവൻ |
| 10 | ചന്ദുക്കുട്ടി.കെ,അനിരുദ്ധ ഹൌസ് |
| 11 | റിതു.എം.വി,സുദേവം |
| 12 | അഖിൽ ഗോവിന്ദ്,അഖിൽ നിവാസ് |
| 13 | ശശിധൻ.പി,ശശികല ഹൌസ് |
| 14 | നാരായൺ.എം.കെ,മൂശാരികണ്ടിയിൽ |
| 15 | ഉണ്ണിക്കൃഷ്ണൻ.വി.കെ,പെനിൻസുല |
| 16 | അബ്ദുൾ ബഷീർ,ചെറാട്ട് |
| 17 | അഷ്റഫ്.വി,വാഴപ്പറോൽ |

| | |
|---|---|
| 18 | ഷിബു.കെ.പി,മന്ദശ്ശേരി |
| 19 | സുഗതൻ.കെ,റീന നിവാസ് |
| 20 | ശ്രീനിവാസൻ നായർ.കെ,അഞ്ജന കൺസ്ട്രക്ഷൻസ് |
| 21 | കെ.പി.സുരേഷ്ബാബു,കൌസ്തുഭം |
| 22 | നാഗരത്നം.പി,സൌപർണ്ണിക |
| 23 | മഞ്ജുള.വി.ബി,കറുപ്പംപൊയിൽ |
| 24 | രവീന്ദ്രൻ.സി,കാർത്തിക |
| 25 | രഘു.കെ.ടി,കോളിയേറിതാഴത്ത് |
| 26 | റഹീസ്.പി.കെ,മക്കാളിൽപൊയിലിൽ |

5.വിവിധ തൊഴിൽമേഖലകളിലേക്കായി അതിഥി തൊഴിലാളികളെ കൊണ്ടുവരുന്ന കരാറുകാരുടെയും അതിഥി തൊഴിലാളികളുടെയും ലിസ്റ്റ് പോലീസ് സ്റ്റേഷനിൽനിന്നും ശേഖരിച്ച് നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല.

6.ഓരോ സ്ഥാപനത്തിലെയും ഒന്നാം അർദ്ധവർഷം നികുതി അടവാക്കിയ ജീവനക്കാർ രണ്ടാം അർദ്ധവർഷം നികുതി അടവാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുന്നില്ല.

7.ഭിന്നശേഷിക്കാരാണ് എന്ന കാരണത്താൽ നികുതിയിൽ നിന്നും ഒഴിവാക്കുന്ന സന്ദർഭങ്ങളിൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ പരിശോധിച്ചുറപ്പുവരുത്തുന്നില്ല.

8.താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വിശദാംശം |
|---|---|---|
| 1 | സപ്ലൈകോ,റീജിയണൽ മാനേജർ | ജീവനക്കാരുടെ ഒന്നും രണ്ടും അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല. |
| 2 | കെ.എസ്.ഇ.ബി. | സ്ഥാപനത്തിന്റെ നികുതി ഒന്നും രണ്ടും അർദ്ധവർഷവും ജീവനക്കാരുടെ നികുതി ഭാഗികമായും ഈടാക്കിയിട്ടില്ല. |

9.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/2019-20 തി.24.09.21)മറുപടി ലഭ്യമാക്കിയിട്ടില്ല. എങ്കിലും ഓഡിറ്റ് ചൂണ്ടികാണിച്ച വിവിധസ്ഥാപനങ്ങളിൽ നിന്നായി ഓഡിറ്റ് വേളയിൽതന്നെ 5850/-രൂപ ഈടാക്കി എന്നത് പ്രശംസനീയമാണ്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും എല്ലാ തൊഴിലാളികളെയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഈടാക്കുന്ന നികുതിയുടെ കൃത്യതയും ഉറപ്പുവരുത്തേണ്ടതാണ്. മേൽ കാണിച്ച സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരിൽനിന്ന് നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11 പഞ്ചായത്ത് മെമ്പർമാർക്ക് അനർഹമായി ടി.എ. അനുവദിച്ചു

1999 കേരള ലോകായുക്ത നിയമം വകുപ്പ് 22, കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും വകുപ്പ് 159 എന്നിവ പ്രകാരം പഞ്ചായത്ത് മെമ്പർമാർ രണ്ട് വർഷത്തിലൊരിക്കൽ ജൂൺ മാസം 30 തിയ്യതിക്കു മുമ്പായി ശരിയായ ഫോറത്തിൽ അയാളുടേയും കുടുംബത്തിന്റെയും സ്വത്തുക്കളുടേയും ബാധ്യതകളുടേയും സ്റ്റേറ്റ്മെന്റ് കോമ്പീറ്റന്റ് അതോറിട്ടിക്ക് മുന്നിൽ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ സ്വത്തുവിവര പട്ടിക പഞ്ചായത്ത് മെമ്പർമാർ സമർപ്പിക്കാത്തതിനാൽ ബഹു.ലോകായുക്ത കോടതി നമ്പർ 270/എൽ.എ./സി.എ/2018 തിയ്യതി 11/01/2019 കത്ത് പ്രകാരം കക്കോടി പഞ്ചായത്തിലെ ജനപ്രതിനിധികളോട് 1999 ലെ ലോകായുക്ത ചട്ടങ്ങളിലെ 3(3),1999 കേരള ലോകായുക്ത നിയമം വകുപ്പ് 22, എന്നിവയുടെ അടിസ്ഥാനത്തിൽ ബഹു.ലോകായുക്ത കോടതിക്ക് മുമ്പാകെ 5/3/2019 ന് സ്വത്തുവിവരപ്പട്ടികയുമായി നേരിട്ട് ഹാജരാവാൻ രേഖാമൂലം അറിയിച്ചിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തംഗങ്ങൾ ബഹു.ലോകായുക്ത കോടതിക്ക് മുമ്പാകെ തിരുവനന്തപുരത്തേക്ക് യാത്രപോയതിൽ രണ്ടുഘട്ടങ്ങളിലായി പഞ്ചായത്തിൽ നിന്ന് താഴെ പറയും പ്രകാരം ടി.എ. കൈപ്പറ്റിയിട്ടുണ്ട്.

| തിയ്യതി/വൗച്ചർ | തുക | കൈപ്പറ്റിയത് |
|---|---|---|
| 219900056/6/4/2019 | 2370 | പ്രസിഡന്റ് |
| 219900057/6/4/2019 | 2370 | വൈസ് പ്രസിഡന്റ് |
| 219900058/6/4/2019 | 7110 | സ്റ്റാന്റിംഗ് കമ്മിറ്റിചെയർമാൻമാർ |
| 219900059/6/4/2019 | 22680 | മെമ്പർമാർ |
| 21900184/01/06/2019 | 4860 | സ്റ്റാന്റിംഗ് കമ്മിറ്റിചെയർമാൻമാർ |
| ആകെ | 39390 | |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 159,1999 കേരള ലോകായുക്ത നിയമത്തിലെ വകുപ്പ് 22, എന്നിവ പ്രകാരം പഞ്ചായത്ത് മെമ്പർമാർ വ്യക്തിപരമായിസമർപ്പിക്കേണ്ട സ്വത്തുവിവര സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി സമർപ്പിക്കുന്നതിൽ വീഴ്ച സംഭവിച്ചതു കൊണ്ടാണ് ബഹു.ലോകായുക്ത കോടതിക്ക് മുമ്പിൽ മെമ്പർമാരോട് രേഖാമൂലം ഹാജരാവാൻ നിർദ്ദേശിച്ചത്. സ്വത്തുവിവര സ്റ്റേറ്റ്മെന്റ് ഹാജരാക്കാൻ സ്വന്തം ചിലവിൽ യാത്ര ചെയ്യേണ്ട മെമ്പർമാർക്ക് പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും ടി.എ. തുക അനുവദിച്ചത് നിയമാനുസൃതമല്ല. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>1-12 ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും പാളിച്ചകൾ-ഒറ്റപ്പിലാക്കിൽ കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ കുടിവെള്ള പദ്ധതിക്കായി ആസൂത്രണം ചെയ്ത പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റിന്റെ പേര് | നമ്പർ,വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1.ഒറ്റപ്പിലാക്കിൽ കുടിവെള്ള പദ്ധതി | 287/17-18 | 500000/-(ബ്ലോക്ക് വിഹിതം)<br>700000/-(ജില്ലാ പഞ്ചായത്ത്)<br>156000/-(MG-NR) | ചെലവില്ല.<br>ചെലവില്ല.<br>ചെലവില്ല. |
| | SO-230/18-19 | 500000/-(ബ്ലോക്ക് വിഹിതം)<br>700000/-(ജില്ലാ പഞ്ചായത്ത്)<br>156000/-(MG-NR) | 353986/-<br>700000/-<br>ചെലവില്ല. |
| | SO-201/19-20 | 146014/-(ബ്ലോക്ക് വിഹിതം)<br>156000/-(MG-NR) | 48626/-<br>ചെലവില്ല. |
| | SO-176/20-21 | 97388/-(ബ്ലോക്ക് വിഹിതം)<br>156000/-(MG-NR) | ചെലവില്ല.<br>156000/- |
| | SO-136/21-22 | 97388/-(ബ്ലോക്ക് വിഹിതം) | ചെലവില്ല. |
| 2.ഒറ്റപ്പിലാക്കിൽ കുടിവെള്ള പദ്ധതി | 274/19-20 | 457500/-(വി.ഫണ്ട്-SCP) | ചെലവില്ല. |

| | | | |
|---|---|---|---|
| പൂർത്തീകരണം | | | |
| | SO-254/20-21 | 457500/-(വി.ഫണ്ട്-SCP) | 25029/- |
| | SO-139/21-22 | 432471/-(വി.ഫണ്ട്-SCP) | ചെലവില്ല. |

19.10.17ലെ 124/17(1)നമ്പർ തീരുമാനപ്രകാരം 1356000/-രൂപക്ക് ഭരണാനുമതിയും 25.10.17ലെ TS.No.80512/17-18പ്രകാരം സങ്കേതികാനുമതിയും ലഭിച്ച പ്രൊജക്ട് അനുസരിച്ച് വാർഡ് മൂന്നിലെ ഒറ്റപ്പിലാക്കിൽ കുടിവെള്ളപദ്ധതിക്കായി കിണർ,പമ്പ് ഹൌസ്,വാട്ടർ ടേങ്ക്,ജലവിതരണ പൈപ്പുകൾ,മറ്റ് ഫിറ്റിംഗുകൾ,മോട്ടോർ,പാനൽബോർഡ് എന്നിവക്കാണ് എസ്റ്റിമേറ്റിൽ പ്രൊവിഷൻ ഉണ്ടായിരുന്നത്. ടെണ്ടറും റീടെണ്ടറും ചെയ്തിട്ടും ആരും ഏറ്റെടുക്കാത്തതിനാൽ ക്വട്ടേഷനിലൂടെ എസ്റ്റിമേറ്റ് നിരക്കിൽ ശ്രീ സുരേഷ് കുമാർ എന്ന കോൺട്രാക്ടർക്ക് പ്രവൃത്തി എൽപിക്കുകയായിരുന്നു.19.02.18ലെ AE/79/17-18 നമ്പർ പ്രകാരം എഗ്രിമെന്റ് വെച്ച പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭരണസമിതിയുടെ 8.05.19ലെ94/18നമ്പർ തീരുമാനമനുസരിച്ച് പുതുക്കി നിശ്ചയിച്ചു. ഗുണഭോക്താക്കൾ കൂടിയതിനാലും വെള്ളത്തിന്റെ ലഭ്യത വർദ്ധിപ്പിക്കേണ്ടതിനാലും കിണറിന്റെയും ടാങ്കിന്റെയും വോള്യം കൂട്ടേണ്ടതിനാലും അടങ്കൽതുകയിൽ വ്യത്യാസം വരാതെഎസ്റ്റിമേറ്റ് റിവൈസ് ചെയ്യാനാണ് തീരുമാനിച്ചത്. ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ 16.03.17ലെGW/KKD/7-463/17നമ്പർ കത്ത് പ്രകാരം എട്ട് മീറ്റർ ആഴത്തിലും നാല് മീറ്റർ വ്യാസത്തിലുമുള്ള തുറന്ന കിണറിന് സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

2017-18ൽ എട്ട് മാസം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട പദ്ധതി അഞ്ച് വർഷം കഴിഞ്ഞിട്ടും പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് വെള്ളം ലഭ്യമാക്കിയിട്ടില്ല.പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലുമുള്ള അപാകതകൾ ചുവടെ കൊടുക്കുന്നു.

എ). ഒരു കുടിവെള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിനു മുന്നോടിയായി നടത്തേണ്ട സാധ്യതാപഠനം നടത്തി ഗുണഭോക്താക്കളുടെ എണ്ണം,പദ്ധതി പ്രദേശം,ആവശ്യമായ ജലത്തിന്റെ അളവ്,കിണറിൽ നിന്നും ലഭിക്കുന്ന വെള്ളത്തിന്റെ അളവ്,ഏറ്റവും ഉയർന്ന പദ്ധതി പ്രദേശം,ടേങ്കിന്റെ കപ്പാസിറ്റിയും ഉയരവും എന്നിവ കണക്കാക്കിയതായി കാണുന്നില്ല.

ബി). പദ്ധതി പൂർത്തീകരണത്തിനാവശ്യമായ രീതിയിൽ സമഗ്രമായ പ്രൊജക്ട് വിഭാവനം ചെയ്യുകയോ ആവശ്യമായ ഫണ്ട് വകയിരുത്തുകയോ ചെയ്തിട്ടില്ല.

സി) 2017-18ൽ ആരംഭിച്ച ഒറ്റപ്പിലാക്കിൽ കുടിവെള്ള പദ്ധതിയുടെ ആദ്യത്തെ പ്രൊജക്ട് പൂർത്തിയാകാതെ നടന്നുകൊണ്ടിരിക്കെതന്നെ 2019-20ൽ മറ്റൊരു പ്രൊജക്ട് വെച്ച് പണി ആരംഭിച്ചു. ആദ്യത്തെ പ്രോജക്ടും രണ്ടാമത്തെ പ്രൊജക്ടും എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചില്ല.

ഡി). 25.09.21ന് പദ്ധതിസ്ഥലം സന്ദർശിച്ചതിൽ കിണർ,പമ്പ് ഹൌസ്,ടേങ്ക്,പമ്പിംഗ് മെയിൻ എന്നിവയുടെ പണി പൂർത്തീകരിച്ചതായി കണ്ടു.വൈദ്യുതി കണക്ഷൻ ലഭിക്കുകയോ ജലവിതരണം ആരംഭിക്കുകയോ ചെയ്തിട്ടില്ല. മോട്ടോർ സ്ഥാപിച്ചതു സംബന്ധിച്ച വിവരം ലഭ്യമല്ല.കിണറിലെ വെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല.

ഇ). പദ്ധതി നിർവ്വഹണത്തിൽ നീതീകരിക്കാനാവാത്ത കാലവിളംബം സംഭവിച്ചതായി കാണുന്നു.

എട്ട് മാസം കൊണ്ട് പൂർത്തീകരിക്കേണ്ട പദ്ധതി അഞ്ച് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്തതിനും മേൽ കാണിച്ച മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8 /19-20 തിയ്യതി 28.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും കുടിവെള്ള പദ്ധതി എത്രയുംവേഗം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-13 പറമ്പത്ത് താഴം വളപ്പിൽതാഴം ഫുട്പാത്ത് നിർമ്മാണം-അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേര്,നമ്പർ | പറമ്പത്ത് താഴം വളപ്പിൽതാഴം ഫുട്പാത്ത് 121/20 |
| വകയിരുത്തിയ തുക | 200000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക,ബിൽ നമ്പർ | 199984/-Bill No.8958/10.11.20 |
| കോൺട്രാക്ടർ | എം.രാമചന്ദ്രൻ |
| എഗ്രിമെന്റ് നമ്പർ | AE-71/2019-20 Dtd.13.12.19 |
| | |

| എം ബുക്ക് | 75/20-21 |
|---|---|

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ നിർവ്വഹണഘട്ടത്തിൽ, നിലവിലെ കരിങ്കൽകെട്ട് പൊളിഞ്ഞതായും ആവശ്യമായ സംരക്ഷണഭിത്തി ഉൾപ്പെടുത്തി പാത്ത് വെ നീളംകുറച്ച് അടങ്കൽ തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്നുമുള്ള ശുപാർശയെ തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ചു. പൊളിഞ്ഞ കരിങ്കൽഭിത്തി കെട്ടി ഫുട്പാത്തിൽ ക്വാറിമക്ക് നിറച്ച് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കി ബിൽതുക കൈപ്പറ്റിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിലും സൈറ്റ് നേരിൽ പരിശോധിച്ചതിലും പ്രവൃത്തിനടത്തിപ്പിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.എം. ബുക്ക് പ്രകാരം ഫുട്പാത്തിൽ 12CM കനത്തിൽ കോൺക്രീറ്റ് ചെയ്തതായി കാണിച്ച് പ്രസ്തുത ഐറ്റത്തിന് 118080.90/-രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 25.09.21 ന് ഓവർസിയറുടെ നേതൃത്വത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കോൺക്രീറ്റിന്റെ കനം അളന്നുപരിശോധിച്ചതിൽ ശരാശരി 7.5CM മാത്രമാണെന്ന് കാണുകയുണ്ടായി. എസ്റ്റിമേറ്റിൽ നിന്നും വിഭിന്നമായി കോൺക്രീറ്റിന്റെ കനം കുറച്ചതിനും ചെയ്ത പ്രവൃത്തിയേക്കാൾ കൂടുതൽ അളവ് രേഖപ്പെടുത്തി തുക നൽകിയതിനും മറുപടി ലഭ്യമാക്കേണ്ടതാണ്.

2. നിലവിലെ പൊളിഞ്ഞ കരിങ്കൽകെട്ട് കെട്ടുന്നതിനാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നത്. എന്നാൽ എം.ബുക്ക് പരിശോധിച്ചതിൽ പഴയകെട്ടിന്റെ കരിങ്കല്ല് ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 9 /19-20 തിയ്യതി 28.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. കോൺക്രീറ്റിന്റെ കനം തെറ്റായി രേഖപ്പെടുത്തി തുക നൽകിയതിനും പഴയ കെട്ടിന്റെ കരിങ്കല്ല് ഉപയോഗപ്പെടുത്താത്തതിനും മെഷർമെന്റും ചെക്ക് മെഷറും ചെയ്ത ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കി നഷ്ടം ഈടാക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-14 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തി - നിർവ്വഹണത്തിലെ അപാകത

2019-20ൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളിൽ പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് വർഷത്തിൽ നിർമ്മാണം നടത്തിയ ഏതാനും സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 53/20 | കുനിയിൽതാഴം പാത്ത് വെ കോൺക്രീറ്റ്ംഗ് | 200000 ( തനത്ഫണ്ട് ) | 200000/- |
| 127/20 | ചാലിക്കര എസ്.സി.കോളനി റോഡ് | 450000/-(വികസന ഫണ്ട്.SCP) | 450000/- |
| 121/20 | പറമ്പിൽതാഴംവളപ്പിൽത്താഴം ഫുട്ട് പാത്ത് | 200000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | 199984/- |
| 141/20 | ചാമപറമ്പത്ത് കോളനി പാത്ത് വെ | 100000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | 99900/- |

മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്തികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ

രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു. കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/2019-20തിയ്യതി25.09.21)മറുപടി ലഭ്യമാക്കിയിട്ടില്ല. സ്പെസിഫിക്കേഷന് വിരുദ്ധമായി പ്രവൃത്തി നടത്തിയതിൽ വിശദീകരണം നൽകേണ്ടതും വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഇത്തരം പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ് .

## 1-15 അസറ്റ് മാനേജ്മെന്റ് മാന്വൽ -നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2019-20 വർഷം ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/2019-20തിയ്യതി 28.09.21)മറുപടിലഭ്യമാക്കിയിട്ടില്ല.

1). ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2). തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3). ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4). മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 പകൽവീട് സൗകര്യമൊരുക്കൽ -ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പർ,പേര് | പകൽവീട് സൗകര്യമൊരുക്കൽ192/20 |
| വകയിരുത്തിയ തുക | 100000(പൊതുവിഭാഗം വികസന ഫണ്ട്) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 16466 ബിൽ നം.5/14-6-19<br>30815 ബിൽ നം.17/18-10-19<br>35244 ബിൽ നം.1/5-5-19<br>82525 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

കക്കോടി പഞ്ചായത്തിലെ വാർഡ് 9 കണ്ണാടിച്ചാലിലെ പകൽവീടിന് സൗകര്യമൊരുക്കുന്നതിനായി ആർട്ടിസാൻസ് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലി. നിന്നും 35244 രൂപക്ക് മഹാഗണിയുടെ 3 കട്ടിലും 2 എയർപോർട്ട് ചെയറും 7 നീൽകമലിന്റെ ഫൈബർ ചെയറും വാങ്ങിയിട്ടുണ്ട്. ആർട്ട്കോയിൽ നിന്നും അവർ സ്വന്തം നിലയിൽ നിർമ്മിക്കുന്ന വുഡൻ ഫർണ്ണിച്ചറുകളും സ്റ്റീൽ ഫർണ്ണീച്ചറുകളും മാത്രമേ ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങുവാൻ പാടുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ആർട്ട്കോ സ്വന്തമായി നിർമ്മിക്കാത്തതും ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങുവാൻ സർക്കാർ അനുവാദം നൽകാത്തതുമായ

സാധനങ്ങൾ വാങ്ങിയതായി കാണുന്നു.ബിൽ പ്രകാരം ആർട്ട്കോയിൽ നിന്നും നീൽകമൽ കമ്പനിയുടെ ബ്രാന്റ് നെയിമിലുള്ള ഫൈബർ ചെയർ വാങ്ങിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | സാധനങ്ങളുടെ വിശദാംശം | എണ്ണം | വില |
|---|---|---|---|
| 1 | Wooden Cot- Mahagani Wood | 3 | 11058 |
| 2 | Airport Chair – 3 Seated Steel | 2 | 15254 |
| 3 | Fibre Chair Armed-Nilkamal-2160 | 7 | 3556 |
| | Gst 18% | | 5376 |
| | ആകെ | | 35244 |

ആർട്ട്കോയിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ അവർ വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും അവർ നേരിട്ട് നിർമ്മിച്ചതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് മാനേജിംഗ് ഡയറക്ടറിൽനിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്.അത്തരം സർട്ടിഫിക്കറ്റ് വാങ്ങിയതായി കാണുന്നില്ല.

അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/25-9-21) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വ്യക്തമായ രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്. 35244 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-17 ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ-ചെലവിന്റെ കൃത്യത ഉറപ്പുവരുത്തിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ പരിശോധിച്ചതിൽ, ഇത്തരം പ്രവൃത്തികളിൽ നിർവ്വഹണോദ്യോഗസ്ഥൻ പാലിക്കേണ്ടതായ നിർദ്ദേശങ്ങൾ പാലിച്ചതായോ ഉത്തരവാദിത്വവും പ്രവൃത്തിയുടെ കാര്യക്ഷമതയും ഉറപ്പുവരുത്തിയതായോ കാണുന്നില്ല. പ്രവൃത്തികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്,നമ്പർ | കൺവീനറുടെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നമ്പർ,തിയ്യതി |
|---|---|---|---|---|---|
| 1 | നെച്ചുളിത്താഴം അങ്കണവാടി പെയിന്റിംഗ് 136/20 | ജിനിൽ രാജ്.കെ | 30000/- | 30000/- | 7367/29.02.20 |
| 2 | ഒറ്റപ്പിലാക്കിൽ അങ്കണവാടി പെയിന്റിംഗ് 135/20 | പാർത്ഥസാരധി | 30000/- | 30000/- | 8050/21.05.20 |
| 3 | ചെലപ്രംഅങ്കണവാടി പെയിന്റിംഗ് 134/20 | പ്രസാദ്.എം.ടി | 30000/- | 30000/- | 7323/12.03.20 |

പൊതുമരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുമ്പോൾ കമ്മറ്റിക്ക് യഥാർത്ഥത്തിൽ

ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് ആ തുകയാണ് നൽകേണ്ടത്.( സർക്കുലർ നമ്പർ. 1/1559/2010/സി.ഇ/ത.സ്വ.ഭ.വ തിയ്യതി.13-11-2014) ഇതിനായി വാങ്ങുന്ന സാധനങ്ങളുടെ ബില്ലുകൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനത്തിന് ആധികാരികമായ മസ്റ്റർ റോൾ, യന്ത്ര സാമഗ്രികളുടെ വാടക എന്നിവയെ അധികരിച്ച വൗച്ചറുകളെ അടിസ്ഥാനപ്പെടുത്തി വരവ് ചെലവ് കണക്ക് തയ്യാറാക്കി സമർപ്പിച്ച് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള തുകയോ ഏതാണ് കുറവ് എന്ന് പരിശോധിച്ച് വേണ്ടിയിരുന്ന ബിൽ തുക നൽകാൻ. എന്നാൽ ഇവിടെ ഗുണഭോക്തൃ സമിതി വൗച്ചറുകളെ അടിസ്ഥാനപ്പെടുത്തി വരവു ചെലവു കണക്ക് തയ്യാറാക്കി അവതരിപ്പിക്കുകയുണ്ടായിട്ടില്ല.

പ്രവൃത്തിയുടെ ആവശ്യത്തിലേക്കായി കമ്മറ്റി ചെയർമാൻ,കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത അക്കൌണ്ട് തുടങ്ങി ആ അക്കൌണ്ടിലൂടെ വേണം എല്ലാ വരവു ചെലവുകളും നടത്തേണ്ടത്. പാസ്സ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മിനുട്സ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ഫൈനൽബിൽ തയ്യാറാക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മറ്റിയുടെ റിപ്പോർട്ട് വാങ്ങിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/2019-20 തിയ്യതി 25.09.21)മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-18 പെർമിറ്റും വാല്വേഷനുമില്ലാതെ പഠനമുറിക്ക് ധനസഹായം നൽകി.

പ്രോജക്ടിന്റെ പേര് : എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി

പ്രോജക്ട് നം :21/20

നിർവ്വഹണ ഉദ്യോഗസ്ഥ :അസിസ്റ്റന്റ് സെക്രട്ടറി

വകയിരുത്തിയ തുക :1000000(വികസന ഫണ്ട് SCP)

ചെലവ് : 800000(വികസന ഫണ്ട് SCP)

ബിൽ നം : 11/18-12-19 200000, 12/19-12-19 125000, 15/30-1-20 75000 16/10-2-20 75000, : 21/10-3-20 325000

പ്രോജക്ട് മുഖേന 4 പേർക്ക് 2ലക്ഷം രൂപ വീതം ആകെ 8 ലക്ഷം രൂപ എസ്.സി വിദ്യാർത്ഥികൾക്ക് തൻ വർഷം ധനസഹായം നൽകിയിട്ടുണ്ട്. അതിൽ മഞ്ജിമ പ്രമോദ് എം.ടി(എടക്കാട്ട് താഴം, കിഴക്കും മുറി)എന്ന വിദ്യാർത്ഥിക്ക് അവരുടെ വീടിനോടു ചേർന്ന്(വീട്ടു നംപർ. 12/134) നിർമ്മിച്ച പഠനമുറിക്ക് പെർമിറ്റും വാല്വേഷനുമില്ലാതെയാണ് ധനസഹായം നൽകിയിരിക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7 ,11 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ പണിയിൽ കൂട്ടിച്ചേർത്തലുകൾ വരുത്താനോ വിപുലീകരിക്കാനോ പഞ്ചായത്തിന്റെ പെർമിറ്റ് വാങ്ങേണ്ടതാണ്. സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ,തീയ്യതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖ 7.2.17 പ്രകാരം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് പഠനമുറിക്ക് ധനസഹായം നൽകേണ്ടത്. കെട്ടിട നിർമ്മാണ ചട്ടങ്ങളും സബ്സിഡി മാർഗ്ഗരേഖയും പാലിക്കാതെ ധനസഹായം നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/28-9-21) മറുപടി നൽകിയിട്ടില്ല. ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും പെർമിറ്റും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വാല്വേഷനും ലഭ്യമാക്കി പരിശോധനയ്ക്ക് നൽകേണ്ടതാണ്.

## 1-19 ഗുണഭോക്താക്കളിൽ നിന്ന് കാർഷിക കർമ്മസേന നേരിട്ട് പണം പിരിച്ചെടുത്തു

പ്രൊജക്ട് നം. 34/19 (തെങ്ങു കൃഷി വികസനം)

അടങ്കൽ തുക : 1499953/- രൂപ

ചെലവ് തുക : 1499953/- രൂപ (പ്ലാൻ 1499953/-)

ബിൽ നം./വൗച്ചർ നമ്പർ 999103/29/08/19

തെങ്ങ് കൃഷി വികസനം പദ്ധതിയിൽ തെങ്ങിൻ തൈ, ജൈവ വളം, കുമ്മായം (വിലയുടെ 25 % ഗുണ. വിഹിതം) എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനായിരുന്ന പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിക്കാവശ്യമായ വളം കക്കോടി കാർഷിക കർമ്മസേന മുഖേന വാങ്ങി ഗുണഭോക്താക്കൾക്കായി വിതരണം ചെയ്യുകയുണ്ടായി. പഞ്ചായത്ത് നടപ്പാക്കുന്ന സർക്കാർ അംഗീകാരമുള്ള പദ്ധതികളുടെ ഭാഗമായുള്ള ഗുണഭോക്തൃ വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് രശീത് ബുക്ക് വഴി പിരിച്ച് അവ തദ്ദേശസ്ഥാപനത്തിൽ അടവാക്കേണ്ടതുണ്ട്. പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷ പ്രകാരം പഞ്ചായത്ത് സെക്രട്ടറി പ്രസ്തുത തുക പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന വ്യകതി/സ്ഥാപനത്തിന്റെ പേരിൽ നൽകുകയാണ് ചെയ്യേണ്ടത്. എന്നാൽ പ്രൊജക്റ്റ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസർ മുഖാന്തിരം പിരിച്ചെടുത്ത് പഞ്ചായത്തിൽ അടക്കേണ്ടതായ ഗുണഭോക്തൃ വിഹിതം കാർഷിക കർമ്മ സേന അവരുടെ രസീതുകൾ വഴി ടി പദ്ധതിയുടെ ഗുണഭോക്താക്കളിൽനിന്ന് നേരിട്ട് 509418/- രൂപ പിരിച്ചെടുത്ത് കാർഷിക കർമ്മ സേനയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് (SBI,Kakkodi,A/CNo.67299389983) നിക്ഷേപിച്ചിട്ടുള്ളത്. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സർക്കാർ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി പൊതുജനങ്ങളിൽ നിന്ന് ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് ശരിയായ നടപടിയല്ല. നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസർ പിരിച്ച് പഞ്ചായത്തിൽ അടവാക്കേണ്ട തുക കാർഷിക കർമ്മസേനയെ അവരുടെ രശീത് പ്രകാരം പിരിക്കാൻ ഏൽപ്പിച്ച നടപടി ഗുരുതരമായ കൃത്യവിലോപമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-20 വാളറാട് കുടിവെള്ള പദ്ധതി- തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി പ്രവൃത്തി നടത്തി-കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല</u>

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് ,നമ്പർ | വാളറാട് കുടിവെള്ള പദ്ധതി നവീകരണം 200/20 |
| വകയിരുത്തിയ തുക | 271008/-(MG_NR) |
| ചെലവഴിച്ച തുക | 271008/-Bill No.2609/11.7.19 |
| എഗ്രിമെന്റ് | 53/17-18 Dt.3.2.18 |
| കരാറുകാരൻ | T.V.Suresh Kumar |
| എം.ബുക്ക് | 236/18-19 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി | 02.08.18 |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 05.01.2019 |

പി.ഡബ്ള്യ.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(A)/05 പ്രകാരം 1.10.2017 മുതൽ (25.03.2019വരെ)കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ മേൽ പ്രോജക്റ്റിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്റ്റ് നടപ്പാക്കിയത്.

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം എന്ന തോതിൽ യഥാർത്ഥത്തിൽ നിർണയിക്കേണ്ടിയിരുന്നതിന് പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നിട്ടുണ്ട്.

പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്.

ജി.ഒ.(പി)13/2012/പി.ഡബ്ള്യ.ഡി തിയ്യതി.01-02-2012നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%ത്തിൽ

അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1%വും തുടർന്ന് മറ്റൊരു തവണ 2% നിരക്കിലും, മാക്സിമം 100,000/- രൂപ പിഴയായി ഈടാക്കേണ്ടതാണ്. ഈ കാലയളവിലും പൂർത്തീകരിച്ചില്ലെങ്കിൽ കരാർ റദ്ദ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. മേൽ പ്രകാരം പിഴയിനത്തിൽ കരാറുകാരനിൽ നിന്നും 8130/- രൂപ (271008 X 3/100) ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/19-20തിയ്യതി28.09.21)മറുപടി ലഭ്യമാക്കിയിട്ടില്ല. കോസ്റ്റ് ഇൻഡെക്സ് ഇനത്തിലുള്ള അധികച്ചെലവും പിഴയിനത്തിലുള്ള 8130/-രൂപയും കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 പഞ്ചായത്ത് മെമ്പർമാർക്ക് അനർഹമായി ടി.എ. അനുവദിച്ചു.

1999 കേരള ലോകായുക്ത നിയമം വകുപ്പ് 22, കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും വകുപ്പ് 159 എന്നിവ പ്രകാരം പഞ്ചായത്ത് മെമ്പർമാർ രണ്ട് വർഷത്തിലൊരിക്കൽ ജൂൺ മാസം 30 തിയ്യതിക്കു മുമ്പായി ശരിയായ ഫോറത്തിൽ അയാളുടേയും കുടുംബത്തിന്റെയും സ്വത്തുക്കളുടേയും ബാധ്യതകളുടേയും സ്റ്റേറ്റ്മെന്റ് കോമ്പീറ്റന്റ് അതോറിട്ടിക്ക് മുന്നിൽ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ സ്വത്തുവിവര പട്ടിക പഞ്ചായത്ത് മെമ്പർമാർ സമർപ്പിക്കാത്തതിനാൽ ബഹു.ലോകായുക്ത കോടതി നമ്പർ 270/എൽ.എ./സി.എ/2018 തിയ്യതി 11/01/2019 കത്ത് പ്രകാരം കക്കോടി പഞ്ചായത്തിലെ ജനപ്രതിനിധികളോട് 1999 ലെ ലോകായുക്ത ചട്ടങ്ങളിലെ 3(3),1999 കേരള ലോകായുക്ത നിയമം വകുപ്പ് 22, എന്നിവയുടെ അടിസ്ഥാനത്തിൽ ബഹു.ലോകായുക്ത കോടതിക്ക് മുമ്പാകെ 5/3/2019 ന് സ്വത്തുവിവരപ്പട്ടികയുമായി നേരിട്ട് ഹാജരാവാൻ രേഖാമൂലം അറിയിച്ചിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തംഗങ്ങൾ ബഹു.ലോകായുക്ത കോടതിക്ക് മുമ്പാകെ തിരുവനന്തപുരത്തേക്ക് യാത്രപോയതിൽ രണ്ടുഘട്ടങ്ങളിലായി പഞ്ചായത്തിൽ നിന്ന് താഴെ പറയും പ്രകാരം ടി.എ. കൈപ്പറ്റിയിട്ടുണ്ട്.

| തിയ്യതി/വൗച്ചർ | തുക | കൈപ്പറ്റിയത് |
|---|---|---|
| 219900056/6/4/2019 | 2370 | പ്രസിഡന്റ് |
| 219900057/6/4/2019 | 2370 | വൈസ് പ്രസിഡന്റ് |
| 219900058/6/4/2019 | 7110 | സ്റ്റാന്റിംഗ് കമ്മിറ്റിചെയർമാൻമാർ |
| 219900059/6/4/2019 | 22680 | മെമ്പർമാർ |
| 21900184/01/06/2019 | 4860 | സ്റ്റാന്റിംഗ് കമ്മിറ്റിചെയർമാൻമാർ |
| ആകെ | 39390 | |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 159,1999 കേരള ലോകായുക്ത നിയമത്തിലെ വകുപ്പ് 22, എന്നിവ പ്രകാരം പഞ്ചായത്ത് മെമ്പർമാർ വ്യക്തിപരമായിസമർപ്പിക്കേണ്ട സ്വത്തുവിവര സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി സമർപ്പിക്കുന്നതിൽ വീഴ്ച സംഭവിച്ചതുകൊണ്ടാണ് ബഹു.ലോകായുക്ത കോടതിക്ക് മുമ്പിൽ മെമ്പർമാരോട് രേഖാമൂലം ഹാജരാവാൻ നിർദ്ദേശിച്ചത്. സ്വത്തുവിവര സ്റ്റേറ്റ്മെന്റ് ഹാജരാക്കാൻ സ്വന്തം ചിലവിൽ യാത്ര ചെയ്യേണ്ട മെമ്പർമാർക്ക് പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും ടി.എ. തുക അനുവദിച്ചത് നിയമാനുസൃതമല്ല. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>3-2 വാളറാട് കുടിവെള്ള പദ്ധതി - തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി പ്രവൃത്തി നടത്തി - കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല.</u>

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് ,നമ്പർ | വാളറാട് കുടിവെള്ള പദ്ധതി നവീകരണം 200/20 |
| വകയിരുത്തിയ തുക | 271008/-(MG_NR) |
| ചെലവഴിച്ച തുക | 271008/-Bill No.2609/11.7.19 |
| എഗ്രിമെന്റ് | 53/17-18 Dt.3.2.18 |
| കരാറുകാരൻ | T.V.Suresh Kumar |
| എം.ബുക്ക് | 236/18-19 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി | 02.08.18 |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 05.01.2019 |

പി.ഡബ്ള്യ.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(A)/05 പ്രകാരം 1.10.2017 മുതൽ (25.03.2019വരെ)കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ മേൽ പ്രോജക്റ്റിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്റ്റ് നടപ്പാക്കിയത്.

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം എന്ന തോതിൽ യഥാർത്ഥത്തിൽ നിർണയിക്കേണ്ടിയിരുന്നതിന് പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ അധികം ചെലവ് ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാത്ത രീതിയിൽ മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നിട്ടുണ്ട്.

പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏല്പിച്ചുകൊടുക്കുന്നത് പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്.

ജി.ഒ.(പി)13/2012/പി.ഡബ്ള്യ.ഡി തിയ്യതി.01-02-2012നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1അനുസരിച്ച് ഇങ്ങനെ കാലാവധി

ദീർഘിപ്പിച്ച നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്ന് മറ്റൊരു തവണ 2% നിരക്കിലും മാക്സിമം 100,000/- രൂപ പിഴയായി ഈടാക്കേണ്ടതാണ്. ഈ കാലയളവിലും പൂർത്തിയാക്കിയില്ലെങ്കിൽ കരാർ റദ്ദ് ചെയ്യേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. മേൽ പ്രകാരം പിഴയിനത്തിൽ കരാറുകാരനിൽ നിന്നും 8130/- രൂപ (271008 X 3/100) ഈടാക്കാവുന്നതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/19-20തിയ്യതി28.09.21)മറുപടി ലഭ്യമാക്കിയിട്ടില്ല.കോസ്റ്റ് ഇൻഡെക്സ് ഇനത്തിലുള്ള അധികച്ചെലവും പിഴയിനത്തിലുള്ള 8130/- രൂപയും കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,50,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,50,000 | - |
| | | 1,00,000 | കാലിത്തീറ്റ സബ്സിഡി | 1,00,000 | - |
| | | 1,50,000 | അംഗൻവാടി പോഷകാഹാരം | 1,50,000 | - |
| | | 4,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 4,00,000 | - |
| | | 3,91,000 | നെൽകൃഷി വികസനം | 3,91,000 | - |
| | | 42,500 | പച്ചക്കറി വികസനം | 42,500 | - |
| | | 10,00,000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 5,20,000 | 4,80,000 |
| ജില്ലാപഞ്ചായത്ത് | 2019-20 | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | - |
| | | 3,90,900 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 3,90,900 | - |
| | | 65,999 | മുട്ടഗ്രാമം പദ്ധതി | 65,999 | - |

ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ ചെലവഴിക്കാതെ ശേഷിക്കുന്ന 656831 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ ചെലവഴിക്കാത്ത 456091 രൂപയും അവശേഷിക്കുന്നുണ്ട്.

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (KURDFC Loan) | ജി.ഒ(എം.എസ്)2278/ തസ്വഭവ തീ. 18.08.2018 | | 30,56,024 | 4,55,882 | | 26,00,142 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 3,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി,ഓഹരി | 4.8.1988 | | 2,500 | |
| 2 | കോഴിക്കോട് ജില്ലാ ഫാർമേഴ്സ് സീഡ്സ് വിപണന കേന്ദ്രം ,ഓഹരി | 20.2.1986 | | 500 | |
| ആകെ | | | | 3,000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10,000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-11 | 10,000/- | ശ്രീ. അമിത്, തലാപ്പാത്തിൽ (ഗുണഭോക്താവ്) | 11405010616/11.10.2019 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2004-05 | 11.1.3.11 | നികുതിപിരിവിൽ അലംഭാവം | പരാമർശം തുടരുന്നു |
| 2000-01 | | 2004-05 | 11.1.3.51 | നികുതിപിരിവിൽ അലംഭാവം | പരാമർശം തുടരുന്നു |
| 2001-02 | | 2005-06 | 2.70.14.28 | നികുതിപിരിവിൽ അലംഭാവം | 2014-16(51)-ാമത് റിപ്പോർട്ട് ഖണ്ഡിക 42 പ്രകാരം ഒഴിവാക്കാൻ ശുപാർശ |
| | | 2013-14 | 6.3.1 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി | പരാമർശം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം - 4 | തൊഴിൽ നികുതി അപാകതകൾ | “ |
| 2016-17 | 2-7 | 2017-18 | 1.11.7 | വസ്തുനികുതിയിൽ നഷ്ടം | “ |

<u>4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം</u>

<u>(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

<u>(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

<u>4-9 ഓഡിറ്റ് പ്രത്യവലോകനം</u>

<u>(എ) സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,42,99,465 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,44,42,684 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39390 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 35,244 |

<u>(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേ1-16രും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 39,390 | ശ്രീ. ബാബുപ്രസാദ്. ബി, സെക്രട്ടറി |
| 3-2 | | 8,130 | ശ്രീമതി. ജീന.കെ, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 35,244 | ശ്രീ. ബാബുപ്രസാദ്. ബി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ബാബുപ്രസാദ്. ബി, സെക്രട്ടറി | | ശ്രീപദം, വേങ്ങേരി, കോഴിക്കോട് |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1983-84 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1481/09(1)തി.29.04.10 | 5 | 11(2), 11(3), 21(എ),23,26 |
| 1997-98 | കെ.എസ്.എ.കെ. കെ.ഡി.പി.10/ 1001/2018(1) തി.9.2.2021 | 1 | 40 (D) |
| 1998-99 | കെ.എസ്.എ.കെ. കെ.ഡി.പി.10/ 1001/2018(2) തി.9.2.2021 | 9 | 25,33,34,35,41,44,45,46,51 |
| 1999-00 പ്ലാൻ | എൽ. എഫ്.കെ. .കെ.ഡി.പി.2/ 1778/13(9) തി.19.09.14 | 13 | 10, 14(1), 14(2), 14(3), 14(4), 15, 16(2), 16(3), 16(4), 16(5), 17(1)B, 17(1)C, 17(2) |
| 1999-00 ഡി.സി.ബി | കെ.എസ്.എ.കെ. കെ.ഡി.പി.10/ 1001/2018(3) തി.9.2.2021 | 4 | 9.10,11,12 |
| 2000-01 പ്ലാൻ | എൽ. എഫ്.കെ. .കെ.ഡി.പി.10/ 1001/2018(5) തി.9.2.2021 | 5 | 11(3),21(1),21(2),22(1), 24(1) |
| 2001-02 | എൽ. എഫ്.കെ. .കെ.ഡി.പി.10/ 1001/2018(6) തി.12.2.2021 | 1 | 3-10(2) |
| 2001-02 പ്ലാൻ | കെ.എസ്.എ.കെ. കെ.ഡി.പി.2/ 1206/14തി.15.06.15 | 1 | 6 |
| 2002-03 | കെ.എസ്.എ.കെ. .കെ.ഡി.പി.10/ 1001/2018(7) തി.12.2.2021 | 8 | 2-1,2-2,2-3,3-1,3-2,3-3,3-5,3-17 |

| | | | |
|---|---|---|---|
| 2003-04 | കെ.എസ്.എ.കെ. .കെ.ഡി.പി.10/ 1001/2018(9) തി.12.2.2021 | 4 | 3-6, 3-7, 3-9, 4-2 |
| 2004-05 | കെ.എസ്.എ.കെ. .കെ.ഡി.പി.10/ 1001/2018(8) തി.12.2.2021 | 14 | 2-2, 2-4, 3-1, 3-6,3-8, 3-9, 3-12, 3-15,3-16, 3-17, 3-18,4-8 |
| 2005-06 | കെ.എസ്.എ.കെ. .കെ.ഡി.പി.10/ 1001/2018(10) തി.12.2.2021 | 10 | 3-3, 3-4, 3-6(2), 3-8,3-9, 3-10, 3-13, 3-15,3-16 |
| 2006-07 | കെ.എസ്.എ.കെ. .കെ.ഡി.പി.10/ 1001/2018(11) തി.12.2.2021 | 21 | 1-D, 2-5, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-21(1), (2), 3-22, 3-23, 3-24 (7), 4-3, 4-7 |
| 2007-08 | കെ.എസ്.എ.കെ. .കെ.ഡി.പി.10/ 1001/2018(12) തി.16.2.2021 | 31 | 2-3(1,3,4),2-4(1),2-6, 2-7, 2-8,2-9, 3-1,3-2(A,C),3-3,3-4,3-5, 3-6,3-7(3),3-8,3-9,3-10, 3-11, 3-13, 3-16,3-17,3-18, 3-19, 3-21,3-22, 3-23, 3-24,3-25, 4-7 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി.10/ 1001/2018(13) തി.16.2.2021 | 24 | 1-3, 1-7, 2-1, 2-4,2-5(2), 2-6, 2-7, 2-8,2-10, 2-11, 3-2, 3-3,3-4(1to5)3-5, 3-6, 3-7,3-8, 3-9(1,2,3), 3-10, 3-11,3-12, 3-13,3-14, 3-15,3-16, 4-7 |
| 2009-10<br>2010-11 | കെ.എസ്.എ.കെ.കെ.ഡി.പി.10/ 1001/2018(14) തി.20.2.2021 | 10 | 2-1,2-2,(123),2-3,2-5,3-3,3-4,3-6, 3-9,3-16,3-17 |
| 2011-12<br>2012-13 | കെ.എസ്.എ.കെ.കെ.ഡി.പി.10/ 1001/2018(14) തി.20.2.2021 | 24 | 1-1, 1-2, 2-1(2) 2-2,(3) 2-3(1),3-1, 3-2, 3-3,3-4,3-5, 3-6, 3-7,3-8 ,3-9, 3-10,3-12, 3-13, 3-18,3-19,3-19, 3-20,3-22,3-23 3-24 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി.10/ 1001/2018(16) തി.20.2.2021 | 18 | 2-1,3-1, 3-2, 3-3,3-4,3-5, 3-6, 3-7,3-8 ,3-9, 3-12,3-13,3-15, 3-16(1,2),3-17,4-9 |
| 2015-16 | കെ എസ് എ/ കെ കെ/ഡി/പി/9/1309/17തീ-17-1-18 | 16 | 2-2,3-1, 3-3,3-4,3-5,3-6, 3-7,3-8 , 3-11,3-13,3-14, 3-15,3-16, 3-17,3-18,,4-9 |
| 2016-17 | കെ. എസ്. എ.കെ. കെ.ഡി/ പി/10/2047/19തീ-4.9.2020 | 13 | 2-4(2,3),2-7,2-8,3-1, 3-5(1), 3-6, 3-7,3-9, 3-11,3-14, 3-18(6,7,8,9), 3-20,3-23, 3-24,3-25 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി-10/395/2021/13.04.2021 | 9 | 3-5, 3-9, 3-12, 3-14, 3-15, 3-17, 3-18, 3-20, 4-10 |
| 2018-19 | കെ.എസ്.എ. കെ.കെ.ഡി. പി10/209/21 തീ. 05.02.2021 | 29 | 1-1, 1-3, 1-5, 1-6, 1-7, 1-9,1-10, 1-11, 1-12, 1-13, 1-14, 1-15, |

| | | | |
|---|---|---|---|
| | | | 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-27, 1-28, 1-29, 1-30, 1-32, 3-1, 3-2, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്